പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച ജലവൈദ്യുത പദ്ധതികളുടെ വിശദവിവരം അനുബന്ധം III ആയി നൽകിയിരിക്കുന്നു.*

(സി) സംസ്ഥാനത്ത് ജലേതര സ്രോതസ്സുകളിൽ മുൻകാലത്ത് സ്ഥാപിക്കപ്പെട്ട പദ്ധതികളുടെ ഉൽപ്പാദന ശേഷിയും കഴിഞ്ഞ നാലു വർഷത്തിന്റെ ഉൽപ്പാദനവും അനുബന്ധം IV ആയി കൊടുത്തിരിക്കുന്നു.*

ഇതിനുപുറമെ 10,000 സോളാർ റൂഫ് ടോപ്പ് സ്ഥാപിക്കുക വഴി 1.7 മെഗാവാട്ട് സ്ഥാപിതശേഷിയും പൊതുകെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക വഴി 139 കിലോവാട്ട് സ്ഥാപിതശേഷിയും സംസ്ഥാനത്ത് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

യുവജനക്ഷേമ പ്രവർത്തനങ്ങൾ

25 (*655) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യുവജനങ്ങളുടെ പ്രശ്നങ്ങളും പരിഹാരങ്ങളും സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) യുവജന നയരേഖയിലെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിലെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) എങ്കിൽ ഇത് സംസ്ഥാനത്തെ യുവജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എത്രത്തോളം പ്രയോജനകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ വിശദമാക്കാമോ ;

(ഡി) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് സർക്കാർ സർവ്വീസിൽ തൊഴിൽ സാദ്ധ്യത എത്രത്തോളം കുറയുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ട്?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിൽ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നത് സംബന്ധിച്ച് ഔപചാരികമായ പഠനങ്ങൾ ഒന്നുംതന്നെ വകുപ്പുതലത്തിൽ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാന യുവജനനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി നടത്തിയ ശിൽപ്പശാലകളിൽ ഇത്തരം കാര്യങ്ങൾ ചർച്ചാവിഷയമാവുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ ശക്തിയും ദൗർബല്യവും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. യുവജനനയത്തിന്റെ ഖണ്ഡിക 5.2-ൽ ഇക്കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. യുവജനനയം 2012 ഡിസംബർ മാസത്തിൽ സർക്കാർ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. കേരള സംസ്ഥാന യുവജനകാര്യ വകുപ്പ് 2012-ൽ പ്രഖ്യാപിച്ച യുവജനനയം കേരള സംസ്ഥാനത്തെ യുവജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ വിഭാവനം ചെയ്യുന്നു. ഓരോ പദ്ധതിയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാണ് അവലോകനം ചെയ്യുന്നത്. പദ്ധതികൾ അതിന്റെ ഓരോ ഘട്ടത്തിലും വിലയിരുത്തുകയും ചെയ്യുന്നു. പദ്ധതികളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അവ വിജയകരമാണെന്ന് കണ്ടാൽ കൂടുതൽ യുവജനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന തരത്തിൽ വീണ്ടും നടപ്പാക്കുകയും ചെയ്യുന്നു. പദ്ധതികളുടെ ഘട്ടം ഘട്ടമായുള്ള വിലയിരുത്തലുകളും അവലോകനങ്ങളും പുനഃസംഘാടനവും യുവജനങ്ങളുടെ സ്ഥായിയായ പ്രശ്നങ്ങളെ പരിഹരിച്ചുകൊണ്ടു വരുന്നതിന് സഹായകരമാകുംവിധമാണ് സംഘടിപ്പിക്കുന്നത്.

(ഡി) ഇല്ല.

പാലക്കാട്ടെ ഇരുമ്പുരുക്ക് വ്യവസായം

26 (*656) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. എം. ഹംസ :

ശ്രീ. എസ്. ശർമ്മ :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദക്ഷിണേന്ത്യയിലെതന്നെ ഏറ്റവും വലിയ ഇരുമ്പുരിക്ക് നിർമ്മാണ ശാലകളുള്ള പാലക്കാട്ട് ഈ വ്യവസായത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly